# ഖുർആൻ ബോധനം 398

എ.വൈ.ആർ

സൂറഃ-7

# അൽ അഅ്റാഫ്

لَقَدْ أَرْسَلْنَا نُوحًا إِلَىٰ قَوْمِهِۦ فَقَالَ يَٰقَوْمِ ٱعْبُدُوا۟ ٱللَّهَ مَا لَكُم مِّنْ إِلَٰهٍ غَيْرُهُۥٓ إِنِّىٓ أَخَافُ عَلَيْكُمْ عَذَابَ يَوْمٍ عَظِيمٍ ﴿٥٩﴾

قَالَ ٱلْمَلَأُ مِن قَوْمِهِۦٓ إِنَّا لَنَرَىٰكَ فِى ضَلَٰلٍ مُّبِينٍ ﴿٦٠﴾

قَالَ يَٰقَوْمِ لَيْسَ بِى ضَلَٰلَةٌ وَلَٰكِنِّى رَسُولٌ مِّن رَّبِّ ٱلْعَٰلَمِينَ ﴿٦١﴾

أُبَلِّغُكُمْ رِسَٰلَٰتِ رَبِّى وَأَنصَحُ لَكُمْ وَأَعْلَمُ مِنَ ٱللَّهِ مَا لَا تَعْلَمُونَ ﴿٦٢﴾

أَوَعَجِبْتُمْ أَن جَآءَكُمْ ذِكْرٌ مِّن رَّبِّكُمْ عَلَىٰ رَجُلٍ مِّنكُمْ لِيُنذِرَكُمْ وَلِتَتَّقُوا۟ وَلَعَلَّكُمْ تُرْحَمُونَ ﴿٦٣﴾

فَكَذَّبُوهُ فَأَنجَيْنَٰهُ وَٱلَّذِينَ مَعَهُۥ فِى ٱلْفُلْكِ وَأَغْرَقْنَا ٱلَّذِينَ كَذَّبُوا۟ بِـَٔايَٰتِنَآ ۚ إِنَّهُمْ كَانُوا۟ قَوْمًا عَمِينَ ﴿٦٤﴾

**59.** നൂഹിനെ നാം തീർച്ചയായും അദ്ദേഹത്തിന്റെ ജനത്തിലേക്ക് ദൈവദൂതനായി നിയോഗിച്ചിട്ടുണ്ടായിരുന്നു. അദ്ദേഹം ഉദ്ബോധിപ്പിച്ചു: എന്റെ ജനമേ, അല്ലാഹുവിന് അടിമപ്പെടുവിൻ. അവനല്ലാതെ നിങ്ങൾക്ക് മറ്റൊരു ദൈവമില്ലതന്നെ. ഞാൻ നിങ്ങൾക്കൊരു മഹാദിനത്തിലെ ശിക്ഷയെ ഭയപ്പെടുന്നു.

**60.** ജനത്തിലെ പ്രമാണിമാർ ഘോഷിച്ചു: നീ വ്യക്തമായ മാർഗഭ്രംശത്തിലകപ്പെട്ടതായിട്ടത്രെ ഞങ്ങൾ കാണുന്നത്.

**61.** അദ്ദേഹം പറഞ്ഞു: എന്റെ ജനമേ, എനിക്കൊരു മാർഗഭ്രംശവുമില്ല. പ്രത്യുത, ഞാൻ സർവലോകനാഥനിൽനിന്നുള്ള ദൂതനാകുന്നു.

**62.** വിധാതാവിന്റെ സന്ദേശങ്ങൾ നിങ്ങൾക്കെത്തിച്ചുതരികയാണ് ഞാൻ; നിങ്ങൾക്കു നന്മ വരണമെന്നാഗ്രഹിക്കുകയും ചെയ്യുന്നു. നിങ്ങൾ അറിയാത്ത പലതും അല്ലാഹുവിങ്കൽനിന്ന് ഞാൻ അറിയുന്നുണ്ട്.

**63.** നിങ്ങൾക്ക് മുന്നറിയിപ്പു തരാനും പാപങ്ങളിൽനിന്ന് രക്ഷപ്പെടാനും അങ്ങനെ അനുഗ്രഹിക്കപ്പെടാനും നിങ്ങളിൽനിന്നുള്ള ഒരാളിലൂടെ വിധാതാവിൽനിന്ന് ഉദ്ബോധനം ലഭിക്കുന്നതിൽ അത്ഭുതപ്പെടുന്നുവോ?

**64.** പക്ഷേ അവരദ്ദേഹത്തെ തള്ളിക്കളഞ്ഞു. ഒടുവിൽ നൂഹിനെയും കൂട്ടുകാരെയും നാം കപ്പലിൽ രക്ഷപ്പെടുത്തി. നമ്മുടെ ദൃഷ്ടാന്തങ്ങളെ തള്ളിക്കളഞ്ഞവരെ മുക്കിയൊടുക്കുകയും ചെയ്തു. അവർ ഒരന്ധസമുദായം തന്നെയായിരുന്നു.

لَقَدْ أَرْسَلْنَا = തീർച്ചയായും നാം അയച്ചു (ദൂതനായി നിയോഗിച്ചിട്ടുണ്ടായിരുന്നു) نُوحًا = നൂഹിനെ

إِلَىٰ قَوْمِهِۦ = അദ്ദേഹത്തിന്റെ ജനത്തിലേക്ക് فَقَالَ = അപ്പോൾ അദ്ദേഹം പറഞ്ഞു (ഉദ്ബോധിപ്പിച്ചു) يَٰقَوْمِ = എന്റെ ജനമേ

ٱعْبُدُوا۟ ٱللَّهَ = നിങ്ങൾ അല്ലാഹുവിന് അടിമപ്പെടുവിൻ, ആരാധിക്കുവിൻ مَا لَكُم = നിങ്ങൾക്ക് ഇല്ല مِّنْ إِلَٰهٍ = ഒരു ദൈവവും

غَيْرُهُۥٓ = അവനല്ലാതെ (മറ്റൊരു) إِنِّىٓ = തീർച്ചയായും ഞാൻ أَخَافُ = ഞാൻ ഭയപ്പെടുന്നു عَلَيْكُمْ = നിങ്ങളുടെ മേൽ

عَذَابَ = ശിക്ഷയെ يَوْمٍ عَظِيمٍ = ഒരു മഹാദിനത്തിലെ قَالَ ٱلْمَلَأُ = പ്രമാണിമാർ പറഞ്ഞു (ഘോഷിച്ചു)

مِن قَوْمِهِۦٓ = അദ്ദേഹത്തിന്റെ ജനത്തിൽനിന്നുള്ള إِنَّا = തീർച്ചയായും ഞങ്ങൾ

لَنَرَىٰكَ = നിന്നെ കാണുക തന്നെചെയ്യും (കാണുന്നത്, നീ) فِى ضَلَٰلٍ = മാർഗഭ്രംശത്തിൽ (അകപ്പെട്ടതായിട്ടത്രെ)

مُّبِينٍ = വ്യക്തമായ قَالَ = അദ്ദേഹം പറഞ്ഞു يَٰقَوْمِ = എന്റെ ജനമേ لَيْسَ بِى = എനിക്കില്ല ضَلَٰلَةٌ = ഒരു മാർഗഭ്രംശവും

وَلَٰكِنِّى = പക്ഷേ, പ്രത്യുത ഞാൻ رَسُولٌ = ദൂതനാകുന്നു مِّن رَّبِّ ٱلْعَٰلَمِينَ = സർവലോക നാഥനിൽനിന്നു(ള്ള)

أُبَلِّغُكُمْ = ഞാൻ എത്തിച്ചുതരുന്നു  رِسَٰلَٰتِ رَبِّى = എന്റെ വിധാതാവിന്റെ സന്ദേശങ്ങൾ

وَأَنصَحُ = ഞാൻ ഗുണം കാംക്ഷിക്കുന്നു, നന്മ വരണമെന്നാഗ്രഹിക്കുകയും ചെയ്യുന്നു  لَكُمْ = നിങ്ങൾക്ക്

وَأَعْلَمُ = ഞാൻ അറിയുന്നു  مِنَ ٱللَّهِ = അല്ലാഹുവിങ്കൽനിന്ന്  مَا لَا تَعْلَمُونَ = നിങ്ങൾ അറിയാത്തത് (ത്ത പലതും)

أَوَعَجِبْتُمْ = നിങ്ങൾ അത്ഭുതപ്പെട്ടു(ടുന്നു)വോ  أَن جَآءَكُمْ = നിങ്ങൾക്കുവന്ന (ലഭിക്കുന്ന)തിൽ  ذِكْرٌ = ഉദ്ബോധനം

مِّن رَّبِّكُمْ = നിങ്ങളുടെ വിധാതാവിൽനിന്നുള്ള  عَلَىٰ رَجُلٍ = ഒരു പുരുഷന്റെ മേൽ (ഒരാളുടെ)

مِّنكُمْ = നിങ്ങളിൽനിന്നുള്ള(തന്നെയുള്ള)  لِيُنذِرَكُمْ = നിങ്ങൾക്ക് മുന്നറിയിപ്പു തരാൻ

وَلِتَتَّقُوا = നിങ്ങൾ തഖ്‌വയുള്ളവരാകാനും (പാപങ്ങളിൽനിന്ന് രക്ഷപ്പെടാനും)

وَلَعَلَّكُمْ تُرْحَمُونَ = നിങ്ങൾ കരുണചെയ്യപ്പെടാനും (അനുഗ്രഹിക്കപ്പെടാനും)

فَكَذَّبُوهُ = പക്ഷേ, അവരദ്ദേഹത്തെ കളവാക്കി (തള്ളിക്കളഞ്ഞു)  فَأَنجَيْنَٰهُ = അങ്ങനെ (ഒടുവിൽ) നാമദ്ദേഹത്തെ രക്ഷിച്ചു

وَٱلَّذِينَ مَعَهُۥ = അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നവ(കൂട്ടുകാ)രെയും  فِى ٱلْفُلْكِ = കപ്പലിൽ

وَأَغْرَقْنَا = നാം വെള്ളത്തിൽ മുക്കി (യൊടുക്കി)

ٱلَّذِينَ كَذَّبُوا بِـَٔايَٰتِنَآ = നമ്മുടെ ദൃഷ്ടാന്തങ്ങളെ കളവാക്കിയവരെ(തള്ളിപ്പറഞ്ഞവരെ)  إِنَّهُمْ = നിശ്ചയം അവർ

كَانُوا قَوْمًا عَمِينَ = അന്ധരായ ഒരു ജനം(തന്നെ)യായിരുന്നു

**59-64:** ഇവിടം മുതൽ 93-ാം സൂക്തം വരെ ഏതാനും പ്രവാചകന്മാരുടെ ചരിത്രം ചൂണ്ടിക്കാണിക്കുകയാണ്. ഏകദൈവത്വം, ധാർമാനുഷ്ഠാനം, ഉയിർത്തെഴുന്നേൽപ്, രക്ഷാശിക്ഷകൾ, ഭൂമിയുടെ സംസ്കരണം, നശീകരണം തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് മുകളിൽ പറഞ്ഞ സംഗതികളെ സാക്ഷ്യപ്പെടുത്തുന്ന ദൃഷ്ടാന്തങ്ങളാണ് അവയൊക്കെയും. പ്രവാചകന്മാരെ അയച്ച് അല്ലാഹു ഭൂമിയെ ആത്മീയമായും ധാർമികമായും സംസ്കരിച്ച ചരിത്രം. മനുഷ്യർ ആ സംസ്കരണത്തെ നശിപ്പിക്കുകയും സ്വയം നശിക്കുകയും ചെയ്ത ചരിത്രം. ഇവിടെ പരാമർശിക്കുന്ന പ്രവാചകന്മാരെല്ലാം ഖുർആനിന്റെ പ്രഥമ സംബോധിതരായ അറബികൾക്ക് സുപരിചിതരായിരുന്നു. ഇങ്ങനെ ചില മഹാന്മാർ പൂർവകാലത്തുണ്ടായിരുന്നതായും അവരുടെ ധർമോപദേശങ്ങൾ സ്വീകരിക്കാൻ കൂട്ടാക്കാതിരുന്ന സമുദായങ്ങൾ നശിച്ചുപോയതായും തലമുറകളായി കൈമാറിവന്ന കഥകളിലൂടെയും വേദവിശ്വാസികളിലൂടെയും അവർ മനസ്സിലാക്കിയിരുന്നു. പക്ഷേ ആ മഹാന്മാർ അല്ലാഹുവിനാൽ നിയുക്തരായ പ്രവാചകന്മാരാണെന്ന് മനസ്സിലാക്കിയിരുന്നില്ല. മനുഷ്യരെ മാർഗദർശനം ചെയ്യാൻ ദൈവം മനുഷ്യരെത്തന്നെ പ്രവാചകന്മാരായി നിയോഗിക്കുക എന്ന ആശയത്തോട് പൊരുത്തപ്പെടാൻ അവർക്ക് പ്രയാസമായിരുന്നു. ഇതാണ് ഇവിടെ നൂഹ് നബിയുടെ നിയോഗത്തെ لَقَدْ أَرْسَلْنَا نُوحًا (നൂഹിനെ തീർച്ചയായും നാം ദൂതനായി നിയോഗിച്ചിട്ടുണ്ടായിരുന്നു) എന്ന് ആണയിട്ടു പറയുന്നതിന്റെ പശ്ചാത്തലം.

തൗഹീദ് സംബന്ധിച്ച പ്രഭാഷണത്തിനനുബന്ധമായി പൂർവ പ്രവാചകന്മാരുടെ ചരിത്രം പരാമർശിക്കുന്നതിന് നാലു താൽപര്യമുണ്ട്:

1) മനുഷ്യൻ പ്രവാചകനായി നിയോഗിക്കപ്പെടുക അസാധാരണമല്ലെന്നുണർത്തുക: ആദിപിതാവ് ആദം മുതൽ ലക്ഷക്കണക്കിൽ പ്രവാചകന്മാർ ഭൂമിയിൽ നിയോഗിക്കപ്പെട്ടിട്ടുണ്ട്. അറബികൾ ആദരിക്കുന്ന നൂഹ്, ശുഐബ്, സ്വാലിഹ് തുടങ്ങിയ പുണ്യാത്മാക്കളുണ്ടല്ലോ. അവരെല്ലാം തീർച്ചയായും അല്ലാഹു നിയോഗിച്ച പ്രവാചകന്മാരായിരുന്നു.

2) പൂർവ പ്രവാചകന്മാരെല്ലാം പ്രബോധനം ചെയ്തത് മുഹമ്മദ് നബി പ്രബോധനം ചെയ്തുകൊണ്ടിരിക്കുന്ന ഏകദൈവവിശ്വാസവും അതിന്റെ താൽപര്യമായ ധർമവും തന്നെയായിരുന്നുവെന്നുണർത്തുക.

3) പ്രവാചകന്മാരുടെ പ്രബോധനം തള്ളിപ്പറഞ്ഞ് അധർമത്തിലും അസത്യത്തിലും ഉറച്ചുനിൽക്കുന്നവർക്ക് ഒടുവിൽ മഹാവിപത്ത് നേരിടേണ്ടിവരുമെന്ന് ചൂണ്ടിക്കാണിക്കുക. നൂഹിന്റെ ജനം പ്രളയത്തിനിരയായതും ആദ്-സമൂദ് വർഗങ്ങൾ നശിപ്പിക്കപ്പെട്ടതും അതുകൊണ്ടായിരുന്നു. ഇഹലോകത്ത് വെച്ച് ശിക്ഷിക്കപ്പെട്ടാലും ഇല്ലെങ്കിലും പരലോകത്ത് ശാശ്വത ശിക്ഷ ഉറപ്പാണ്. ഇന്ന് മുഹമ്മദ് നബിയെ നിഷേധിക്കുകയും നിന്ദിക്കുകയും ചെയ്യുന്നവർ സത്യത്തിലേക്ക് മടങ്ങിവരുന്നില്ലെങ്കിൽ അവരുടെ പര്യവസാനം അല്ലാഹു പൂർവകാലത്ത് നശിപ്പിക്കപ്പെട്ട സമുദായങ്ങളുടേതു തന്നെയായിരിക്കും.

4) പ്രവാചകന്മാർ നിഷേധിക്കപ്പെടുകയെന്നതും ഒരു പുതിയ കാര്യമല്ലെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് മുഹമ്മദ് നബിയെയും ശിഷ്യന്മാരെയും സമാശ്വസിപ്പിക്കുക. നൂഹ്(അ) മുതലിങ്ങോട്ടുള്ള നിരവധി പ്രവാചകന്മാർ ക്രൂരമായി നിഷേധിക്കപ്പെടുകയും ദ്രോഹിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. സത്യപ്രബോധകർ അതൊക്കെ ക്ഷമയോടെ സ്ഥൈര്യത്തോടെ തരണം ചെയ്യണം. അന്തിമവിജയം അവർക്കുതന്നെയായിരിക്കും.

നൂഹ് നബിയുടെ ചരിത്രമാണ് മുകളിലുദ്ധരിച്ച സൂക്തങ്ങളിൽ പരാമർശിക്കുന്നത്. ഇബ്‌റാഹീം നബിക്ക് മുമ്പ് നിയുക്തനായ പ്രവാചകനാണ് നൂഹ് (അ). ആദം (അ) ഭൂമിയിൽ വന്ന് ഏതാണ്ട് ഒരു സഹസ്രാബ്ദത്തിനു ശേഷമാണ് നൂഹ് (അ) ജാതനായതെന്നാണ് നിഗമനം. നൂഹിന്റെ ആദംവരെയുള്ള പിതൃപരമ്പര ഇസ്‌ലാമിക പണ്ഡിതന്മാർ ഇങ്ങനെ ഉദ്ധരിക്കുന്നു: നൂഹിന്റെ പിതാവ് ലാമിക് - മുസുശലഹ് - അഖ്നൂഖ് (ഇദ്‌രീസ്) - യാരിദ് - മുഹൽഈൽ - ഖിൻയാൻ - അനൂശ് - ശീസ് -ആദം. ഇക്കൂട്ടത്തിൽ ആദമും ഇദ്‌രീസും പ്രവാചകന്മാരായിരുന്നുവെന്ന് ഖുർആൻ സൂചിപ്പിക്കുന്നു. ആദമിന്റെ മകൻ ശീസും പ്രവാചകനായിരുന്നുവെന്ന് ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നു. അവർ നബിമാരായിരുന്നുവെങ്കിലും മുർസലുകൾ ആയിരുന്നില്ല എന്നാണ് കരുതപ്പെടുന്നത്. തൗഹീദും ചില ധാർമിക തത്ത്വങ്ങളും ഉപദേശിച്ചതല്ലാതെ അവരാരും വേദമോ ശരീഅത്തോ വഹിച്ചിരുന്നില്ല. അവരുടെ കാലത്തൊന്നും ശിർക്കും അതിന്റെ താൽപര്യമായ അധർമങ്ങളും മതങ്ങളോ സാമൂഹിക സമ്പ്രദായങ്ങളോ ആയി വികസിച്ചിട്ടുണ്ടായിരുന്നില്ല. പൊതുവിൽ എല്ലാവരും ആദിപിതാവിന്റെ പാരമ്പര്യം പിന്തുടരുന്നവരായിരുന്നു.

വിഗ്രഹാരാധകരിലേക്ക് നിയുക്തനായ ഒന്നാമത്തെ റസൂലാണ് നൂഹ്(അ). ശിപാർശ സംബന്ധിച്ച ഒരു ഹദീസിൽ അദ്ദേഹത്തെ കുറിച്ച് يا نوح أنت أول الرسل إلى الأرض (അല്ലയോ നൂഹ്, അങ്ങ് ഭൂമിയിലേക്ക് നിയുക്തനായ പ്രഥമ റസൂലാണല്ലോ -സ്വഹീഹു മുസ്‌ലിം) എന്ന് പറയുന്നുണ്ട്. അതുവരെ നടപ്പുണ്ടായിരുന്ന പെൺമക്കൾ, സഹോദരിമാർ, പിതൃ-മാതൃ സഹോദരിമാർ എന്നിവരുമായുള്ള വിവാഹബന്ധം ആദ്യമായി നിരോധിച്ചത്

നൂഹ്(അ) ആയിരുന്നു. അന്നുവരെ വന്ന പ്രവാചകന്മാരിൽ സ്വസമുദായത്താൽ ഏറെ ദ്രോഹിക്കപ്പെട്ട പ്രവാചകനും നൂഹ്(അ) തന്നെ. പീഡനങ്ങൾക്കും പ്രയാസങ്ങൾക്കും നടുവിൽ അദമ്യമായ സഹനശക്തിയോടെ ഉറച്ചുനിന്ന് സത്യപ്രബോധനം നടത്തിയ ദൃഢനിശ്ചയരായ - أولوالعزم - പ്രവാചകന്മാരിലും പ്രഥമൻ നൂഹ് (അ) ആണ്. സത്യപ്രബോധകന്മാർക്ക് എക്കാലത്തും ക്ഷമയുടെയും സ്ഥൈര്യത്തിന്റെയും മങ്ങാത്ത മാതൃകയായ ആ പ്രവാചകവര്യനെ വിശുദ്ധ ഖുർആൻ 43 ഇടങ്ങളിൽ പരാമർശിക്കുന്നുണ്ട്. *അൽ അഅ്റാഫ്*, *ഹൂദ്*, *അൽ മുഅ്മിനൂൻ*, *അശ്ശുഅറാഅ്*, *അൽ ഖമർ*, *നൂഹ്* എന്നീ സൂറകളിൽ അദ്ദേഹത്തിന്റെ ചരിത്രം വിശദീകരിക്കുകയും ചെയ്തിരിക്കുന്നു. മരപ്പണിക്കാരനായിരുന്ന നൂഹി(അ)ന് 50 വയസ്സായപ്പോഴാണ് പ്രവാചകനായി നിയോഗം ലഭിച്ചത്. 40-ാം വയസ്സിലാണ് പ്രവാചകനായതെന്നാണ് ഇബ്നു അബ്ബാസിന്റെ അഭിപ്രായം. 950 കൊല്ലം അദ്ദേഹം പ്രബോധനം തുടർന്നതായി ഖുർആൻ പ്രസ്താവിക്കുന്നുണ്ട്. അതായത് ആയിരം വർഷം അദ്ദേഹം ജീവിച്ചു. പ്രളയത്തിനു ശേഷം 60 വർഷം നൂഹ് (അ) ജീവിച്ചതായി പറയപ്പെടുന്നുണ്ട്. അത് ഈ ആയിരത്തിന് പുറമെയാണെങ്കിൽ മൊത്തം വയസ്സ് 1060 ആകുന്നു. നൂഹിന്റെ 600-ാം വയസ്സിലാണ് പ്രളയമുണ്ടായതെന്ന് ബൈബിൾ പറയുന്നു. അങ്ങനെയാണെങ്കിൽ പ്രളയാനന്തരം അദ്ദേഹം നാനൂറ് വർഷം ജീവിച്ചിരിക്കണം.

ഭൂമുഖത്ത് ഇന്ന് കാണപ്പെടുന്ന മനുഷ്യരാസകലം നൂഹ് നബി(അ)യുടെ സന്തതികളാണെന്ന് കരുതപ്പെടുന്നു. നൂഹിന്റെ നാലു പുത്രന്മാരിൽ ഒരാൾ പ്രളയത്തിലകപ്പെട്ട് മുങ്ങിമരിച്ചു. അവശേഷിച്ച മൂന്നു പേർ സാം, ഹാം, യാഫിസ് എന്നിവരാണ്.

ഇമാം സുഹ്രി പ്രസ്താവിച്ചു: അറബികൾ, പേർഷ്യക്കാർ, റോമക്കാർ, ശാമുകാർ, യമൻകാർ എന്നിവർ സാമിന്റെ മക്കളാണ്. സിന്ധികൾ, ഇന്ത്യക്കാർ, നീഗ്രോകൾ, അബ്സീനിയക്കാർ എന്നിവരും മറ്റെല്ലാ കറുത്ത വർഗങ്ങളും ഹാമിന്റെ മക്കളാണ്. തുർക്കികൾ, ചൈനക്കപ്പുറമുള്ള ബാർബേറിയന്മാർ, ഗോഗ് മഗോഗ് തുടങ്ങിയ വംശങ്ങൾ യാഫിസിന്റെ മക്കളാണ്.

നൂഹിന്റെ കാലമായപ്പോൾ ഏകദൈവവിശ്വാസത്തിൽനിന്ന് വ്യതിചലിച്ചവർക്കിടയിൽ ബഹുദൈവത്വം മതവിശ്വാസമായും വിഗ്രഹാരാധന മതാനുഷ്ഠാനമായും രൂപം പ്രാപിച്ചുകഴിഞ്ഞിരുന്നു. മരിച്ചുപോയ മഹാന്മാരെ സ്മരിക്കാനും അവരിൽനിന്ന് പ്രചോദനം നേടാനും എന്ന പേരിൽ അവരുടെ ഖബ്റുകളിന്മേൽ ആരാധനാലയങ്ങൾ നിർമിച്ചുകൊണ്ടായിരുന്നു തുടക്കം. കാലക്രമത്തിൽ ഈ ആരാധനാലയങ്ങളിൽ മരിച്ച മഹാന്മാരുടെ പ്രതിമകൾ സ്ഥാപിച്ചുതുടങ്ങി. പിന്നീട് ഈ പ്രതിമകളിൽ ദൈവചൈതന്യവും ദിവ്യത്വ ശക്തികളും ആരോപിക്കപ്പെട്ടു. പിന്നെ അവയെ പൂജിക്കാൻ തുടങ്ങി. നൂഹ് ജനത ആരാധിച്ചിരുന്ന ചില പ്രധാന വിഗ്രഹങ്ങളുടെ പേരുകൾ ഖുർആൻ പ്രസ്താവിക്കുന്നുണ്ട്. വദ്ദ്-സുവാഅ്-യഗൂസ്-യഊഖ്-നസ്ർ. ഇവരൊക്കെ ജീവിതകാലത്ത് നീതിമാന്മാരും ധർമിഷ്ഠരുമായ മനുഷ്യരായിരുന്നു.

ശിർക്കിലേക്ക് വ്യതിചലിച്ച മാനവകുലത്തെ ഏകദൈവ വിശ്വാസത്തിലേക്കും ധർമത്തിലേക്കും പ്രബോധനം ചെയ്യാൻ അല്ലാഹു നൂഹ് നബിയെ നിയോഗിച്ചു. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും വർജിക്കണമെന്നും മനുഷ്യൻ ഏകനായ സാക്ഷാൽ ദൈവത്തിന്റെ മാത്രം അടിമകളും ആരാധകരും ആജ്ഞാനുവർത്തികളുമായിരിക്കണമെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു. പക്ഷേ ജനം അത് ചെവിക്കൊള്ളാൻ തയാറായില്ല. സമുദായപ്രമാണിമാർ അദ്ദേഹത്തെ സ്വയം വഴിതെറ്റുകയും മറ്റുള്ളവരെ വഴിതെറ്റിക്കാൻ ഒരുമ്പെട്ടിറങ്ങുകയും ചെയ്ത മൂഢനും ധിക്കാരിയുമായി വിലയിരുത്തി. തങ്ങൾ പാരമ്പര്യമായി തുടർന്നുവരുന്ന വിശ്വാസങ്ങളും ആചാരങ്ങളുമാണ് സത്യവും ധർമവും. അതിനെ എതിർക്കുന്നവൻ വഴിതെറ്റിയ കള്ളനും മൂഢനുമാണ്. സമുദായത്തിന്റെ പൈതൃക സംസ്കാരം തുടച്ചുമാറ്റി ജനത്തെ മതഭ്രഷ്ടരും സംസ്കാരശൂന്യരുമാക്കാനാണ് നൂഹ് ശ്രമിക്കുന്നത്. ഈയടിസ്ഥാനത്തിൽ അവർ നൂഹ് നബിയുമായി ദീർഘ ദീർഘമായ വാദപ്രതിവാദങ്ങൾ നടത്തി. വാദപ്രതിവാദങ്ങളിൽ ന്യായം മുട്ടുമ്പോൾ വെല്ലുവിളിക്കും. നീ എന്തൊക്കെപ്പറഞ്ഞാലും ഞങ്ങൾ പാരമ്പര്യമായി കിട്ടിയ ആചാരങ്ങളും വിശ്വാസങ്ങളും വെടിയാൻ പോകുന്നില്ല. നിന്റെ വിശ്വാസങ്ങളും നിയമങ്ങളുമാണ് സത്യമെന്നും അത് സ്വീകരിച്ചില്ലെങ്കിൽ ഞങ്ങൾക്ക് വമ്പിച്ച വിപത്ത് സംഭവിക്കുമെന്നാണല്ലോ നീ പറയുന്നത്. ശരി, അങ്ങനെയെങ്കിൽ അപ്പറഞ്ഞ വിപത്ത് ഒന്നിങ്ങ് കൊണ്ടുവന്നാട്ടെ. ദൈവശിക്ഷ ദൈവത്തിന്റെ കരങ്ങളിൽ തന്നെയാണെന്നും തന്റെ കരങ്ങളിലല്ലെന്നും ദൈവം ഇഛിക്കുമ്പോഴാണത് സംഭവിക്കുകയെന്നും നൂഹ് (അ) പറഞ്ഞത് അവരംഗീകരിച്ചില്ല. താൻ താക്കീതു ചെയ്യുന്ന ശിക്ഷ നടപ്പിലാക്കാൻ കഴിയുന്നില്ല എന്നതുതന്നെ നൂഹ് വ്യാജനാണെന്നതിന്റെ മതിയായ തെളിവായി ഘോഷിക്കുകയായിരുന്നു അവർ.

നൂറ്റാണ്ടുകൾ ഇങ്ങനെ കടന്നുപോയി. വിരലിലെണ്ണാവുന്ന ഏതാനും പേരേ അദ്ദേഹത്തിൽ വിശ്വസിച്ചുള്ളൂ (ഖുർആൻ 11: 40). അവരുടെ എണ്ണം നാൽപതായിരുന്നുവെന്നും എൺപതായിരുന്നുവെന്നും നൂറായിരുന്നുവെന്നും വ്യത്യസ്ത പ്രസ്താവങ്ങളുണ്ട്. സ്വസമുദായത്തിന്റെ നിലപാടിൽ നൂഹ്(അ) പൂർണമായി നിരാശപ്പെട്ടു. ഈ സന്ദർഭത്തിൽ അദ്ദേഹം രണ്ട് പ്രാർഥന അല്ലാഹുവിന്റെ മുമ്പിൽ സമർപ്പിച്ചു. തന്നെയും തന്റെ മാതാപിതാക്കളെയും വിശ്വാസികളായി തന്റെ ഭവനത്തിൽ പ്രവേശിച്ച സ്ത്രീ പുരുഷന്മാരെയും പാപങ്ങളിൽനിന്ന് മുക്തരാക്കി ശുദ്ധീകരിക്കണമേ എന്നായിരുന്നു (71: 27) ഒന്ന്. സത്യത്തെയും ധർമത്തെയും മനഃപൂർവം നിഷേധിക്കുന്നവരെ ഭൂമിയിൽ ശേഷിപ്പിക്കരുതേ, അവർ നിലനിന്നാൽ ദൈവദാസന്മാരെ വഴിതെറ്റിക്കും. കൊടിയ കാഫിറുകളും സത്യനിഷേധികളും മാത്രമേ അവരിൽനിന്ന് ജനിക്കൂ. ഇതായിരുന്നു രണ്ടാമത്തെ പ്രാർഥന (71: 26,27).

ഒടുവിൽ അല്ലാഹു അദ്ദേഹത്തോട് ഒരു കപ്പൽ നിർമിക്കാൻ ആവശ്യപ്പെട്ടു (11: 37, 23: 27). നൂഹ് നബി(അ) കപ്പലുണ്ടാക്കുന്നതു കണ്ട് നാട്ടുകാർ അദ്ദേഹത്തെ പുഛിക്കുകയും പരിഹസിക്കുകയും ചെയ്തുകൊണ്ടിരുന്നു (11: 38). നിർമാണം പൂർത്തിയായപ്പോൾ നൂഹി(അ)ന്റെ ഭാര്യയൊഴിച്ചുള്ള കുടുംബത്തെയും മറ്റു വിശ്വാസികളെയും ജന്തുവർഗങ്ങളിൽനിന്ന് ഓരോ ജോഡിയെയും അതിൽ കയറ്റാൻ അല്ലാഹു കൽപിച്ചു (23: 27). ഭാര്യ അവിശ്വാസിനിയായിരുന്നു. തന്റെ ഭർത്താവിന് മുഴുഭ്രാന്താണ് എന്നായിരുന്നുവത്രെ അവർ നാട്ടുകാരോട് പറഞ്ഞിരുന്നത്.

നൂഹ് നബിയും കൂട്ടരും കപ്പൽ കയറിയതോടെ, ഭൂമിയിൽ ഉറവകൾ പൊട്ടി വെള്ളം നിർഗളിച്ചുകൊണ്ടിരുന്നു (23: 27). മീതെനിന്ന് കനത്ത പേമാരിയും (*അൽ ഖമർ* : 11). നാടാകെ വെള്ളത്തിൽ മുങ്ങി. മനുഷ്യരും ജന്തുജാലങ്ങളും ചത്തൊടുങ്ങി. നൂഹ് നബിയുടെ ഭാര്യയും മകനും അക്കൂട്ടത്തിൽപെട്ടു. മകനെ അദ്ദേഹം കപ്പലിലേക്ക് വിളിച്ചതായിരുന്നു. അയാൾ കൂട്ടാക്കിയില്ല. താൻ വല്ല കുന്നിലും കയറി രക്ഷപ്പെട്ടുകൊള്ളാം എന്നായിരുന്നു അയാളുടെ മറുപടി (11: 43). ഇയാൾ നൂഹിന്റെ നേർ പുത്രനല്ല, ഭാര്യയിൽ മറ്റൊരാൾക്കുണ്ടായ പുത്രനാണ് എന്ന് ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നു. കപ്പൽ നൂഹിനെയും കൂട്ടരെയുംകൊണ്ട് സഞ്ചരിച്ച് തുർക്കിക്ക് തെക്കുള്ള അർമീനിയൻ പർവത നിരകളിലെ ദിയാർ ബക്കർ ഭാഗത്തുള്ള ജൂദി പർവതത്തിന്റെ മുകളിലെ (അറാറാത്ത് പർവതത്തിൽ എന്നാണ് ബൈബിൾ പറയുന്നത്)ത്തിയപ്പോൾ അല്ലാഹു ഭൂമിയോട് വെള്ളം വിഴുങ്ങാനും ആകാശത്തോട് മഴനിർത്താനും കൽപിച്ചു (11: 44). ഭൂമിയിൽ പഴയപടി സമതലമായ കരപ്രദേശങ്ങൾ പ്രത്യക്ഷപ്പെട്ടുവെങ്കിലും അവിടെ മനുഷ്യരും മറ്റു ജീവജാലങ്ങളും ഉണ്ടായിരുന്നില്ല. നൂഹ് നബിയുടെ കപ്പലിലുണ്ടായിരുന്ന മനുഷ്യരുടെയും ജന്തുക്കളുടെയും സന്തതികളിലൂടെ ഭൂമിയിൽ വീണ്ടും ജനങ്ങളും ജന്തുക്കളും പരന്നു.

നൂഹ് നബിയുടെ കാലത്തെ പ്രളയം മുഴുവൻ ഭൂലോകത്തെയും ബാധിച്ചിരുന്നുവെന്ന് ഒരു വിഭാഗം പണ്ഡിതന്മാർ പറയുന്നു. നൂഹ് നബിയുടെ ജനത വസിച്ചിരുന്ന മധ്യ പൗരസ്ത്യപ്രദേശങ്ങളിൽ മാത്രമേ പ്രളയമുണ്ടായിട്ടുള്ളൂ എന്നാണ് മ

റ്റൊരു വിഭാഗത്തിന്റെ വീക്ഷണം. രണ്ടു കൂട്ടരും സമർപ്പിക്കുന്നത് അവരവരുടെ നിഗമനങ്ങൾ മാത്രമാണ്. ഏതായാലും ലോകത്തിലെ ഏതാണ്ടെല്ലാ സമൂഹങ്ങളിലും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ പൗരാണിക പ്രളയത്തിന്റെ സങ്കൽപമുണ്ട്. പ്രളയാനന്തരം നൂഹിന്റെ സന്തതികളിലൂടെ മനുഷ്യർ ലോകത്ത് വ്യാപിച്ചുവെന്ന വാദത്തെ സാധൂകരിക്കുന്നതാണീ സങ്കൽപം. നൂഹ് നബിയുടെ കപ്പലിന്റെ ആകൃതിയെക്കുറിച്ചോ വലിപ്പത്തെക്കുറിച്ചോ ഖുർആൻ ഒന്നും പറയുന്നില്ല. 'നിറഞ്ഞ കപ്പൽ' (36: 41) എന്നും 'പലകകളും ആണികളുമുള്ളത്' (54: 13) എന്നും മാത്രമേ അതേപ്പറ്റി പറയുന്നുള്ളൂ. ബൈബിൾ ഉൽപത്തി (6: 14-16)യിൽ ദൈവം നോഹയോട് ഇങ്ങനെ കൽപിച്ചതായി പറയുന്നുണ്ട്: 'നീ ഗോൾഫാർ മരംകൊണ്ട് ഒരു പെട്ടകം ഉണ്ടാക്കുക. പെട്ടകത്തിന് അറകൾ ഉണ്ടാക്കി, അകത്തും പുറത്തും കീൽ തേക്കണം. പെട്ടകം നിർമിക്കേണ്ടത് ഈ വിധമാണ്: അതിന് മുന്നൂറു മുഴം നീളവും അറുപതുമുഴം വീതിയും മുപ്പതുമുഴം ഉയരവും ഉണ്ടായിരിക്കണം. പെട്ടകത്തിന് വശങ്ങളിൽനിന്ന് ഒരു മുഴം തള്ളി ഉയരത്തിൽ ഒരു മേൽപുര പണിയണം. വാതിൽ പെട്ടകത്തിന്റെ ഒരു വശത്തായിരിക്കണം. പെട്ടകത്തിന് ഒരു കീഴ്ത്തട്ടും രണ്ടാം തട്ടും മേൽതട്ടും വേണം, ഭൂമിയിൽ നാൽപതു ദിവസം പ്രളയമായിരുന്നുവെന്നും 150 ദിവസത്തേക്ക് അതു തുടർന്നുവെന്നും പറയുന്ന ബൈബിൾ 54 ദിവസം കഴിഞ്ഞപ്പോൾ ഭൂമി ഉണങ്ങിക്കിടന്നുവെന്നും നോഹയും കൂട്ടരും കപ്പലിറങ്ങിയെന്നും കൂടി പറയുന്നു.

إِنِّيٓ أَخَافُ عَلَيۡكُمۡ عَذَابَ يَوۡمٍ عَظِيمٖ (ഞാൻ നിങ്ങൾക്ക് ഒരു മഹാദിനത്തിലെ ശിക്ഷയെ ഭയപ്പെടുന്നു) എന്നതിന്റെ വിവക്ഷ വിചാരണാനാളിൽ നിങ്ങൾ ശിക്ഷിക്കപ്പെടുമെന്ന് എനിക്കുറപ്പാണ്, ഞാനതിനെ ഭയപ്പെടുന്നു എന്നാണെന്നും എന്നെ നിഷേധിച്ച് അധർമത്തിൽ ഉറച്ചുനിന്നാൽ ഈ ലോകത്തുതന്നെ ഒരു നാൾ നിങ്ങളിൽ ദൈവശിക്ഷ വന്നുഭവിച്ചേക്കുമെന്ന് ഞാൻ ആശങ്കിക്കുന്നു എന്നാണെന്നും രണ്ടഭിപ്രായമുണ്ട്. പ്രളയത്തിലൂടെ ഈ ആശങ്ക യാഥാർഥ്യമായി. പദങ്ങൾ രണ്ടാശയത്തെയും സാധൂകരിക്കുന്നു. രണ്ടും ഒരുമിച്ച് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു എന്നും വരാവുന്നതാണ്. إِنَّا لَنَرَىٰكَ فِي ضَلَٰلٖ (മാർഗഭ്രംശത്തിലകപ്പെട്ടതായിട്ടത്രെ ഞങ്ങൾ നിന്നെ കാണുന്നത്) എന്നതിന്റെ താൽപര്യം നിന്നെ ഞങ്ങൾ സദാചാരവിരുദ്ധനോ സ്വഭാവദൂഷ്യമുള്ളവനോ ആയി കാണുന്നു എന്നല്ല. ബുദ്ധിമോശം സംഭവിച്ച് മഹനീയമായ പൂർവിക പാരമ്പര്യങ്ങളിൽനിന്ന് വ്യതിചലിച്ചതായി കാണുന്നു എന്നാണ്. എന്നാൽ നൂഹി(അ)ന്റെ മറുപടി എല്ലാവിധ മാർഗഭ്രംശത്തെയും നിഷേധിച്ചുകൊണ്ടുള്ളതാണ്. അവരുടെ വിമർശനത്തിന് മറുപടിയായി എന്റെ ആദർശത്തിൽ മാർഗഭ്രംശമില്ല – ليس فى امرى ضلالة – എന്നു പറഞ്ഞാൽ മതിയായിരുന്നു. പക്ഷേ അദ്ദേഹം പറഞ്ഞത് لَيۡسَ بِي ضَلَٰلَةٞ (എനിക്ക് യാതൊരു മാർഗഭ്രംശവുമില്ല) എന്നാണ്. نصيحة എന്ന മൂലത്തിൽനിന്നുള്ള ഉത്തമ ക്രിയാപദമാണ് أَنصَحُ. മറ്റൊരാളോടുള്ള ഗുണകാംക്ഷ, നന്മ വരണമെന്ന ആഗ്രഹവും അതിനുവേണ്ടി ചെയ്യുന്ന ഉപദേശവും പരിശ്രമവുമാണ് نصيحة. ഇവിടെ وأنصحكم എന്നു പറഞ്ഞാലും ഞാൻ നിങ്ങൾക്ക് ഗുണം കാംക്ഷിക്കുന്നു എന്ന് അർഥം ലഭിക്കും. كم എന്ന സർവ നാമത്തോട് ل ശബ്ദം ചേർത്തു പറഞ്ഞത് നിങ്ങളോടുള്ള ഗുണകാംക്ഷ മാത്രമാണ് എന്റെ പ്രബോധനത്തിന് പ്രേരകം എന്ന ആശയത്തെ ഊന്നുന്നതിനു വേണ്ടിയാണ്. മറ്റൊരാളോടുള്ള ഗുണകാംക്ഷയും സഹായവും അവനവന്റെ നേട്ടവും കൂടി ഉദ്ദേശിച്ചാവാം. ഈ അർഥത്തിൽ ഗുണം കാംക്ഷിക്കുന്നതിനും نصيحة എന്നു പറയും. യാതൊരുവിധ സ്വാർഥവിചാരവുമില്ലാതെ അപരന്റെ ഗുണം കാംക്ഷിക്കുമ്പോൾ نصح له എന്നു പറയുന്നു. അപരന്ന് ഗുണം കാംക്ഷിക്കുന്നവനും അതിനുവേണ്ടി പ്രവർത്തിക്കുന്നവനും ناصح ആണ്. ഗുണം കാംക്ഷിക്കുന്നവന്റെ ناصح ഭൗതിക താൽപര്യം ഉദ്ദേശിക്കാതെ ഗുണം കാംക്ഷിക്കപ്പെടുന്നവന്റെ منصوح له നന്മ മാത്രം ഉദ്ദേശിക്കുകയാണ് മൗലികമായ نصيحة. അതിന്റെ അനുബന്ധമായി ناصح –ന് വല്ല ഗുണവും ഉണ്ടാകുന്നുവെങ്കിൽ അതിൽ കുഴപ്പമില്ല. പക്ഷേ, ആ ഗുണം ലക്ഷ്യമാക്കിയാണ് نصيحة ചെയ്യുന്നതെങ്കിൽ അത് നിഷ്കളങ്കമായ ഗുണകാംക്ഷ – نصيحة خالصة – ആവുകയില്ല. മുസ്‌ലിം ഉദ്ധരിച്ച ഒരു ഹദീസിൽ പ്രവാചകൻ പ്രസ്താവിക്കുന്നു: الدِّينُ النَّصِيحَةُ (ദീൻ എന്നാൽ ഗുണകാംക്ഷയാകുന്നു). ശിഷ്യന്മാർ ചോദിച്ചു: لِمَنْ يَا رَسُولَ اللهِ (ആരോടുള്ള ഗുണകാംക്ഷയാണ് തിരുദൂതരേ?). 'തിരുമേനി പറഞ്ഞു: لِلَّهِ وَلِرَسُولِهِ وَلِأَئِمَّةِ الْمُسْلِمِينَ وَعَامَّتِهِمْ (അല്ലാഹുവിനോടും അവന്റെ ദൂതനോടും മുസ്‌ലിംകളിലെ നേതാക്കളോടും സാധാരണക്കാരോടും എല്ലാമുള്ള ഗുണകാംക്ഷ).

أُبَلِّغُكُمۡ رِسَٰلَٰتِ رَبِّي (ഞാൻ എന്റെ നാഥന്റെ സന്ദേശങ്ങൾ നിങ്ങൾക്കെത്തിച്ചുതരികയാണ്) എന്ന വാക്യത്തിലെ أُبَلِّغُكُمۡ എന്ന വാക്യം تبليغ എന്ന മൂലത്തിൽനിന്നാണ്. ഒറ്റയടിക്ക് ഒരു സന്ദേശം നൽകലല്ല تبليغ. അതിന് ابلاغ ആണ് ഉപയോഗിക്കുക. ക്രമാനുഗതമായും ആവർത്തിച്ചുമുള്ള പ്രബോധനമാണ് تبليغ. رِسَٰلَٰتِ (സന്ദേശങ്ങൾ) എന്ന ബഹുവചനം ഈ ആശയത്തെ സൂചിപ്പിക്കുന്നുണ്ട്. തൗഹീദ്, രിസാലത്ത്, ആഖിറത്ത് മുതലായ തത്ത്വങ്ങളും ആരാധനാക്രമങ്ങൾ, ധാർമിക മര്യാദകൾ, വ്യവഹാര നിയമങ്ങൾ തുടങ്ങിയ നിയമങ്ങളും അതിൽപെടുന്നു. ഇതൊക്കെ ജനങ്ങളെ അതിന്റെ സ്ഥാനങ്ങളിലും സന്ദർഭങ്ങളിലും വ്യവസ്ഥാപിതമായി പ്രബോധനം ചെയ്യുകയാണ് പ്രവാചകദൗത്യം.

'നിങ്ങൾക്കറിഞ്ഞുകൂടാത്ത ചിലത് അല്ലാഹുവിൽനിന്ന് ഞാൻ അറിയുന്നു' എന്നതുകൊണ്ടർഥമാക്കുന്നത് സാധാരണ മനുഷ്യർക്കില്ലാത്ത ചില ജ്ഞാനങ്ങൾ അല്ലാഹു ദിവ്യബോധനം വഴി എനിക്ക് നൽകുന്നുണ്ടെന്നും ഞാൻ അവന്റെ ദൂതനായി നിയോഗിക്കപ്പെട്ടിരിക്കുന്നു എന്നുമാണ്. അതുകൊണ്ട് അല്ലാഹുവിനെക്കുറിച്ചും അവന്റെ കൽപനകളെകുറിച്ചും ഞാൻ പറയുന്നതപ്പടി സത്യമാണ്. നിങ്ങളത് സ്വീകരിച്ചനുസരിക്കേണ്ടതുമാണ്.

أَوَعَجِبۡتُمۡ (നിങ്ങൾ അത്ഭുതപ്പെട്ടുവോ) എന്ന ചോദ്യം അവതരണപശ്ചാത്തലത്തിൽ അറേബ്യൻ ബഹുദൈവവിശ്വാസികളോടു കൂടിയുള്ളതാണ്. ഈ അത്ഭുതം അവരും കൂടി പങ്കുവെക്കുന്നതാണല്ലോ. മനുഷ്യൻ പ്രവാചകനാകുന്നതിൽ അത്ഭുതം കൂറുന്ന സ്വഭാവം ഈ അറബികൾക്കുമാത്രമുള്ളതല്ല, പ്രത്യുത നശീകരണാർഹരായ പൂർവ സമുദായങ്ങളും അതു വെച്ചുപുലർത്തിയിരുന്നു എന്ന ആശയവും ഇതുൾക്കൊള്ളുന്നു. ചോദ്യസൂചകമായ – أ – ക്കു ശേഷം സമാസ ചിഹ്നമായ – و – വന്നതിനെ പണ്ഡിതന്മാർ ഇങ്ങനെ വിശദീകരിച്ചിരിക്കുന്നു: أكذبتم وعجبتم – നിങ്ങൾ തള്ളിപ്പറയുകയും അത്ഭുതപ്പെടുകയും ചെയ്യുന്നുവോ – എന്നാണ് വാക്യത്തിന്റെ പൂർണരൂപം. كذبتم എന്ന വാക്കിന്റെ ആശയം, പശ്ചാത്തലത്തിൽനിന്ന് സ്വയം സിദ്ധമാകുന്നതിനാൽ അതിനെ നിരുക്തമാക്കി, ആ നിരുക്തത്തെ സൂചിപ്പിക്കാൻ عَجِبۡتُمۡ എന്നതിനോട് അതിനെ സമാസിച്ചിരിക്കുകയാണ്.

كَانُواْ قَوۡمًا عَمِينَ (അവർ അന്ധജനമായിരുന്നു) എന്നതിന്റെ വിവക്ഷ അവർ കണ്ണുകാണാത്തവരായിരുന്നു എന്നല്ല. പ്രത്യുത, ദൈവിക ദൃഷ്ടാന്തങ്ങളെ ദൈവിക ദൃഷ്ടാന്തങ്ങളായി കാണാനുള്ള ഉൾക്കാഴ്ചയുള്ളവരും നൂഹി(അ)ന്റെ സന്ദേശങ്ങളെ ബുദ്ധിയുപയോഗിച്ച് വിലയിരുത്താനുള്ള സംസ്കാരവും വിവേകവുമുള്ളവരുമായിരുന്നില്ല എന്നാണ്. العمى എന്ന മൂലത്തിൽനിന്നുള്ള عم ന്റെ ബഹുവചനമാണ് عَمِينَ. അന്ധത എന്നാണ് العمى -യുടെ അർഥം. മാംസദൃഷ്ടിയുടെ അന്ധതയെയെന്നപോലെ മനസ്സിന്റെ അന്ധതയെ കുറിക്കാനും ഇതുപയോഗിക്കും. عمى القلب എന്നാൽ യുക്തിശൂന്യമായ വിശ്വാസങ്ങളും വിചാരങ്ങളും കൊണ്ടുനടക്കൽ, അഭിപ്രായ സുബദ്ധതയില്ലായ്മ എന്നൊക്കെ അർഥമാകുന്നു. ■